മാനദണ്ഡങ്ങൾ പാലിച്ച് ഡിപ്പോ മാനേജ്മെന്റ് കമ്മിറ്റി (DMC) മുഖേന കുടുംബശ്രീ, സഹകരണ സംഘങ്ങൾ, കൺസ്യൂമർഫെഡ്, റെയ്ഡ്കോ മറ്റ് വിതരണക്കാർ മുതലായവരിൽ നിന്നുമാണ് സപ്ലൈകോ വാങ്ങിക്കുന്നത്.

(ബി) സഹകരണ സംഘങ്ങളെയും കർഷകരെയും ഒഴിവാക്കി നിലവാരം കുറഞ്ഞ ഏലയ്ക്ക ഇടനിലക്കാരിൽനിന്നും ഉയർന്ന വിലയ്ക്ക് വാങ്ങാനുണ്ടായ സാഹചര്യം വിശദമാക്കാമോ?

കേരളത്തിലെ ഏലയ്ക്ക ഉത്പാദകർക്കും വിതരണക്കാർക്കും മാത്രം ടെണ്ടറിൽ പങ്കെടുക്കാമെന്ന വ്യവസ്ഥ ഉൾക്കൊള്ളിച്ചുകൊണ്ട് ഇ-ടെണ്ടർ മുഖേന സുതാര്യമായ നടപടികളിലൂടെ ഏറ്റവും കുറഞ്ഞ നിരക്കിൽ സഹകരണ സംഘങ്ങൾ ഉൾപ്പെടെയുള്ളവരിൽനിന്നുമാണ് ഏലയ്ക്ക വാങ്ങിയിട്ടുള്ളത്. ഇതുകൂടാതെ കൺസ്യൂമർഫെഡ്, റെയ്ഡ്കോ എന്നീ സർക്കാർ അധീനതയിലുള്ള സഹകരണ സ്ഥാപനങ്ങളിൽനിന്നുമാണ് ഏലയ്ക്ക വാങ്ങിയിട്ടുള്ളത്.

(സി) ഇതുമായി ബന്ധപ്പെട്ട് ടെണ്ടർ നടപടികൾ വൈകിയതിന്റെ കാരണങ്ങൾ വിശദമാക്കാമോ?

ടെണ്ടർ നടപടികൾ സ്വീകരിക്കുവാൻ വൈകിയിട്ടില്ല. 19-7-2021-ലെ സ.ഉ.(സാധാ)നം.296/2021/ഭ.പൊ.വി.വ. ഉത്തരവുപ്രകാരമാണ് കിറ്റിൽ ഉൾപ്പെടുത്തേണ്ട ഇനങ്ങൾ നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ നേരത്തെ സർക്കാർ തലത്തിൽ നടത്തിയ യോഗത്തിന്റെ അടിസ്ഥാനത്തിൽ 15-07-2021-ൽ തന്നെ ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. ഇ-ടെണ്ടർ നിബന്ധനപ്രകാരമുള്ള ഏറ്റവും കുറഞ്ഞ കാലയളവായ 7 ദിവസംമാത്രമാണ് ടെണ്ടർ സമർപ്പിക്കുവാൻ നൽകിയിട്ടുള്ളത്.

(ഡി) ഏലയ്ക്ക വാങ്ങിയതുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ അന്വേഷിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കിറ്റിൽ ഉൾപ്പെടുത്തിയ സാധനങ്ങൾ വാങ്ങിയത് സംബന്ധിച്ച് ക്രമക്കേടുകളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഏലയ്ക്കയുടെ ഗുണമേന്മയുമായി ബന്ധപ്പെട്ട് ലഭിച്ച പരാതി അന്വേഷണത്തിനായി പൊതുവിതരണ വകുപ്പ് ഡയറക്ടറേറ്റിലെ വിജിലൻസ് വിംഗിന് കൈമാറിയിട്ടുണ്ട്.

സപ്ലൈകോ ഇ-ടെൻഡർ

258 (258) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ- പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരി ബ്രാൻഡ് ഉല്പന്നങ്ങൾ വിപണിയിലേയ്ക്ക് എന്ന പേരിൽ സപ്ലൈകോ ഇ-ടെൻഡറിൽ ക്രമക്കേടുകൾ നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശബരി ബ്രാൻഡ് ഉല്പന്നങ്ങൾ വിപണിയിലേയ്ക്ക് എന്ന പേരിൽ സപ്ലൈകോ ഇ-ടെണ്ടറിൽ ക്രമക്കേടുകൾ നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ക്രമക്കേടുകൾ നടന്നതായുള്ള ആരോപണം പത്രവാർത്തയിലൂടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സുതാര്യമായ രീതിയിൽ പത്രമാധ്യമങ്ങളിലൂടെ പരസ്യം നൽകി ഏവർക്കും ലഭ്യമായ രീതിയിൽ സപ്ലൈകോ വെബ്സൈറ്റിലൂടെയാണ് അപേക്ഷ ക്ഷണിച്ചിട്ടുള്ളത്.

(ബി) താൽപ്പര്യമുള്ള കരാറുകാരനെ തെരഞ്ഞെടുക്കുന്ന രീതിയിലുള്ള നിബന്ധനകൾ താൽപ്പര്യപത്രത്തിൽ ഉൾപ്പെടുത്തിയിരുന്നോ; എങ്കിൽ അതിനുള്ള അനുമതി മന്ത്രിതലത്തിൽ നൽകിയിരുന്നോയെന്ന് വിശദമാക്കാമോ?

താൽപ്പര്യമുള്ള കരാറുകാരനെ തെരഞ്ഞെടുക്കുന്ന രീതിയിലുള്ള നിബന്ധനകൾ താൽപ്പര്യപത്രത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. സുതാര്യമായ രീതിയിൽ പത്രമാധ്യമങ്ങളിലൂടെ പരസ്യം നൽകി ഏവർക്കും ലഭ്യമാകുന്ന രീതിയിൽ സപ്ലൈകോ വെബ്സൈറ്റിലൂടെയാണ് അപേക്ഷ ക്ഷണിച്ചിട്ടുള്ളത്. സപ്ലൈകോയുടെ ശബരി ബ്രാൻഡ് ഉല്പന്നങ്ങൾ വിപണിയിലെത്തിക്കുന്നതുമായി ബന്ധപ്പെട്ട് വിളിച്ച താല്പര്യപത്രത്തിലെ ചില നിബന്ധനകൾ ഒഴിവാക്കാൻ സപ്ലൈകോയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. വാർഷിക വിറ്റുവരവ് 100 കോടി രൂപയിൽ കുറയാൻ പാടില്ലെന്നുള്ളതും ISO Certification വേണമെന്നതും താത്പര്യപത്രം നൽകുന്ന സ്ഥാപനങ്ങളുടെ ഫാക്ടറി, സപ്ലൈകോ ഹെഡ് ക്വാർട്ടേഴ്സിന്റെ 35 കിലോമീറ്റർ ചുറ്റളവിൽ വേണമെന്നുമുള്ള നിബന്ധനകൾ ഒഴിവാക്കാൻ സർക്കാർതലത്തിൽ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) അഞ്ച് ലക്ഷം രൂപയ്ക്ക് മുകളിലുള്ള എല്ലാ ഇടപാടുകളും ഇ-ടെൻഡർ മുഖേന മാത്രമേ പാടുള്ളൂവെന്ന കേന്ദ്ര വിജിലൻസ് കമ്മീഷന്റെയും സർക്കാരിന്റെയും ഉത്തരവുകൾ ലംഘിക്കാൻ ഇടയായ സാഹചര്യം എന്താണെന്ന് വിശദമാക്കാമോ?

ഉത്തരവ് ലംഘനം നടന്നിട്ടില്ല. 5 ലക്ഷത്തിന് മുകളിലുള്ള എല്ലാ ഇടപാടുകളും സുതാര്യമായ രീതിയിൽ ഇ-ടെണ്ടർ വഴിയാണ് നടത്താറുള്ളത്.

ഭക്ഷ്യകിറ്റ് വിതരണം

259 (259) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ വിതരണം ചെയ്യുവരുന്ന ഭക്ഷ്യകിറ്റ് നിർത്തലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ?

ഇക്കാര്യത്തിൽ തീരുമാനം എടുത്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly